ആലപ്പുഴ	- 7	പോലീസ് സ്റ്റേഷൻ
കോട്ടയം	- 4	,,
ഇടുക്കി	- 5	,,
എറണാകുളം	- 9	,,
തൃശ്ശൂർ	- 8	,,
പാലക്കാട്	- 4	,,
മലപ്പുറം	- 6	,,
കോഴിക്കോട്	- 8	,,
വയനാട്	- 2	,,
കണ്ണൂർ	- 4	,,
	85	

(സി) വാഹനം ഇല്ലാത്ത പോലീസ് സ്റ്റേഷനുകൾക്ക് വാഹനങ്ങൾ നൽകുന്നതിനും സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത പോലീസ് സ്റ്റേഷനുകൾക്ക് കെട്ടിടം പണിയുന്നതിനും ഉള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

വാഹനങ്ങൾ ഇല്ലാത്ത പോലീസ് സ്റ്റേഷനുകൾ

49 (3795) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് വാഹനങ്ങൾ ഇല്ലാത്ത എത്ര പോലീസ് സ്റ്റേഷനുകൾ ഉണ്ട് ; അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

സംസ്ഥാനത്ത് വാഹനങ്ങൾ ഇല്ലാത്ത അഞ്ച് പോലീസ് സ്റ്റേഷനുകൾ ഉണ്ട്. അത് ആലപ്പുഴ ജില്ലയിലെ വിയ്യപുരം, വെൺമണി, കോട്ടയം ജില്ലയിലെ രാമപുരം വാകത്താനം, കൊച്ചി സിറ്റി-മുളവുകാട് എന്നിവിടങ്ങളിലാണ്.

അയ്യംപുഴ പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം

50 (3796) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ ഒരു വില്ലേജ് മാത്രം ഉള്ള അയ്യംപുഴ പോലീസ് സ്റ്റേഷനോട് മഞ്ഞപ്രവില്ലേജ് കൂടി ചേർത്ത് വിപുലീകരിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണനയിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ രണ്ട് വില്ലേജുകളും സംയോജിപ്പിച്ച് അധികാര പരിധിയോടു കൂടിയ പോലീസ് സ്റ്റേഷൻ ഉണ്ടാക്കുമ്പോൾ അതിനു മഞ്ഞപ്ര ആസ്ഥാനമാക്കി ഒരു പുതിയ പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

തൊടുപുഴയിൽ ഒരു പോലീസ് കോംപ്ലക്സ് അനുവദിക്കുന്നതിന് നടപടി

51 (3797) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊടുപുഴയിൽ ഒരു പോലീസ് കോംപ്ലക്സ് അനുവദിക്കുന്നതിന് നൽകിയ നിവേദനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) തൊടുപുഴയിൽ പോലീസ് ഡിപ്പാർട്ടുമെന്റിന്റെ കൈവശമുള്ള സ്ഥലത്ത് ഡിവൈ.എസ്.പി. ഓഫീസ്, സർക്കിൾ ഓഫീസ്, പോലീസ് സ്റ്റേഷൻ, ട്രാഫിക് സ്റ്റേഷൻ മറ്റ് ഓഫീസുകളായ ക്രൈംബ്രാഞ്ച് വിജിലൻസ് എന്നിവ ഒരു കെട്ടിട സമുച്ചയത്തിൽ കൊണ്ടുവരുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ ;

(സി) തൊടുപുഴ പോലീസ് ഡിപ്പാർട്ടുമെന്റിന്റെ കൈവശത്തിലുള്ള ക്വാർട്ടേഴ്സുകൾ വളരെ പഴക്കമുള്ളതായതിനാൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തി അവ പുതുക്കിപ്പണിയുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) തൊടുപുഴയിൽ ക്വാർട്ടേഴ്സ് ആവശ്യപ്പെട്ടിട്ടുള്ള പോലീസുകാർ എത്രയുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) പോലീസ് ക്വാർട്ടേഴ്സിന് ഈ വർഷം തന്നെ പണിയാരംഭിക്കുന്നതിന് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) തൊടുപുഴ പോലീസ് കോംപ്ലക്സ് നിർമ്മാണം പോലീസ് നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി നടന്നു വരികയാണ്.

(ബി) സ്ഥല സൗകര്യങ്ങളും മറ്റും കണക്കിലെടുത്ത് ഇത് സംബന്ധിച്ച നടപടി സ്വീകരിക്കാവുന്നതാണ്.

(സി) പുതിയ പോലീസ് ക്വാർട്ടേഴ്സുകൾ ഉൾപ്പെട്ട കോംപ്ലക്സിന്റെ പണി നടന്നുവരുന്നു.

(ഡി) മൂന്ന് അപേക്ഷകളാണ് നിലവിലുള്ളത്.

(ഇ) പോലീസ് ക്വാർട്ടേഴ്സ് നിർമ്മാണം നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly